# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3429 23.06.2014-ൽ മറുപടിയ്ക്ക്**

**<u>മാവോയിസ്റ്റ് അടക്കമുള്ള ഭീകര സംഘടനകളുടെ സാന്നിദ്ധ്യം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് മാവോവാദി അടക്കമുള്ള വിവിധ ഭീകരവാദ സംഘടനകളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടുവോ ; | (എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വനപ്രദേശങ്ങളിലും, വനത്തിനോടടുത്ത പ്രദേശങ്ങളിലും, മറ്റു സമീപ പ്രദേശങ്ങളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ രാജ്യ സുരക്ഷയ്ക്ക് ഭീഷണിയായ ഇവരുടെ സാന്നിദ്ധ്യം കണ്ടെത്തി തടയുവാനായി ഈ സർക്കാർ വന്നതിന് ശേഷം എത്ര തുക എന്തൊക്കെ കാര്യങ്ങൾക്കായി ചെലവാക്കി ; വ്യക്തമാക്കുമോ; | (ബി) മാവോയിസ്റ്റുകൾക്ക് പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യം ഉടലെടുക്കാതിരിക്കുന്നതിനും ഇവർ ഉന്നം വയ്ക്കുന്ന ജനവിഭാഗ ങ്ങളായ ആദിവാസികൾ, ഗോത്രവർഗ്ഗക്കാർ മുതലായവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി തുക ചെലവാക്കിയിട്ടുണ്ട്. മാവോയിസ്റ്റുകളെ പിടികൂടുന്നതിനു മാത്രമായി പ്രത്യേക തുക ചെലവായിട്ടില്ല. ഇത് കൂടാതെ ആധുനിക സന്നാഹങ്ങൾ കൈവശമുള്ളവരെ നേരിടാൻ പ്രത്യേക സേനാ വിഭാഗം രൂപീകരിക്കുന്നതിനും നിലവിലുള്ള സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച മറ്റ് വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| സി) ഭീകരവാദി/മാവോവാദി സംഘടനകളുടെ പേരിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (സി) നിരോധിച്ച സി. പി. ഐ. (മാവോയിസ്റ്റ്) സംഘടനയിലെ അംഗങ്ങളെ കണ്ടതുമായി ബന്ധപ്പെട്ട് വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ ഇത്തരം സംഘടനകളിൽ പ്രവർത്തിക്കുന്ന എത്ര പേരെ പിടികൂടി ; എന്തു നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ; | (ഡി) 2013 ഫെബ്രുവരി മാസം മുതലാണ് സംസ്ഥാനത്ത് മാവോവാദികളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചത്. ഇതേവരെ ആരെയും പിടികൂടിയിട്ടില്ല. |

ഇ) സംസ്ഥാനത്ത് ഇത്തരം സംഘടനകളിൽ നിന്നും ജീവനും, കുടുംബത്തിനും, സ്വത്തിനും ഭീഷണിയുള്ള എത്ര പേർ നിലവിലുണ്ടെന്നാണ് ഇന്റലിജൻസ് റിപ്പോർട്ട് പ്രകാരം മനസ്സിലാക്കിയിട്ടുള്ളത് ; അവർ ആരൊക്കെ ; ഇവരിൽ നിന്നുള്ള ഭീഷണി നേരിടാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

(ഇ) മാവോയിസ്റ്റുകളിൽ നിന്നും ചിലർക്ക് ഭീഷണിയുള്ളതായി വിവരമുണ്ട്. കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

സെക്ഷൻ ഓഫീസർ

നിയമസഭാ ചോദ്യം

Alappuzha

| Police Station | No. of Cases |
|---|---|
| Mavelikkara | 1 |

## Palakkad

| Police Station | No. of Cases |
|---|---|
| Agali | 5 |

## Malappuram

| Police Station | No. of Cases |
|---|---|
| Nilambur | 1 |
| Vazhikkadavu | 1 |
| Pothukal | 4 |
| Pookkotumpadam | 6 |

## Wayanad

| Police Station | No. of Cases |
|---|---|
| Meppadi | 2 |
| Vythiri | 1 |
| Padinjarethara | 1 |
| Vellamunda | 5 |

## Kozhikkode

| Police Station | No. of Cases |
|---|---|
| Kuttiyadi | 1 |
| Valayam | 2 |
| Thottilpalam | 1 |
| Nadapuram | 1 |

## Kannur

| Police Station | No. of Cases |
|---|---|
| Peravoor | 2 |
| Payyavoor | 1 |
| Peringome | 2 |

************************